Site

നം.ഇ.എച്ച് 3/2627/19/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,തീയതി 17/1/2019

പ്രേഷകൻ

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം),
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/
കോട്ടയം/ഇടുക്കി/എറണാകുളം/തൃശൂർ/
പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/
കണ്ണൂർ/കാസർഗോഡ്.

സർ,

വിഷയം:- 14-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനം-ക്രമീകരണങ്ങൾ നടത്തുന്നത് - സംബന്ധിച്ച് -

സൂചന:- സർക്കാറിൽ നിന്നുള്ള ടെലഫോൺ സന്ദേശം.

14-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനം 2019 ജനുവരി മാസം 25-ാം തീയതി മുതൽ ഫെബ്രുവരി 7 വരെ കൂടുന്നതാണ്. ഈ സമയത്ത് നിയമസഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കി സമർപ്പിക്കുന്നതിലേക്കായി എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും താഴെ പറയുന്ന ക്രമീകരണങ്ങൾ യഥാസമയം ചെയ്യേണ്ടതാണ്.

(1) ചോദ്യങ്ങൾ wwwniyamasabha.org എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

(2) ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കി സമർപ്പിക്കുന്നതിലേയ്ക്കായി താഴെ പറയുന്ന രീതിയിൽ ഒരു സെൽ രൂപീകരിക്കേണ്ടതാണ്.

- നോഡൽ ആഫീസർ - 1
- അസി.നോഡൽ ആഫീസർ - 2
- ക്ലാർക്ക് - 4
- ആഫീസ് അറ്റൻഡന്റ് - 1
- ഡ്രൈവർ - 1
- ഒ.എ - 1

(3) മേൽപ്പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥരുടെ പേര്, മൊബൈൽ നമ്പർ, ഫോൺ നമ്പർ, ഫാക്സ് എന്നിവ കൂടി ഉൾപ്പെടുത്തി 21.1.2019 -ന് മുമ്പായി niyamasabhadhs@gmail.com എന്ന മെയിൽ മുഖേന ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

GOVERNMENT OF KERALA 2017-18

5 338

(4) സമ്മേളന കാലയളവിൽ ഇതിനായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ രാവിലെ 9.45 മുതൽ വൈകുന്നേരം 7.00 വരെ ആഫീസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(5) ചോദ്യങ്ങൾക്ക് ഉചിതവും, വിശദവുമായ മറുപടി തയ്യാറാക്കി നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ശേഖരിച്ച് വരുന്നു എന്നുള്ള മറുപടി യാതൊരു കാരണവശാലും ലഭ്യമാക്കുവാൻ പാടുള്ളതല്ല.

(6) സബ്മിഷനുകളും, അടിയന്തിര പ്രമേയങ്ങളും അവ വൈകിയാണ് വരുന്നതെങ്കിൽ പോലും ഉടൻ തന്നെ മറുപടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്. പ്രസ്തുത നിബന്ധനകൾ കൃത്യമായി പാലിക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

<u>നിയമസഭാ സെക്ഷൻ ഫോൺ നമ്പർ</u>

0471 - 202490 (എക്സ്റ്റൻഷൻ 266)

0471 - 2519266 (നിയമസഭാ സെക്ഷൻ)

niyamasabhadhs@gmail.com (Mail)

വിശ്വസ്തതയോടെ,

(ഒപ്പ്)

സി.എം. അജയമോഹൻ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

(ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി)

s.v

GOVERNMENT OF KERALA 2017-18